K22U 3375

Reg. No. : ...............................

Name : ...................................

# I Semester B.A. Degree (C.B.C.S.S. – O.B.E. Regular/Supplementary/ Improvement) Examination, November 2022
## (2019 Admission Onwards)
## CORE COURSE IN MALAYALAM
## 1B01-MAL : മലയാളകവിത ആധുനികം, ആധുനികാനന്തരം

Time : 3 Hours Max. Marks : 40

**300** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1. പ്രപഞ്ചസത്യമെന്തെന്ന് വായനക്കാരന് ബോധ്യപ്പെടുത്തിക്കൊടുക്കുന്ന ഒരു വിശ്വപ്രാർത്ഥനയാണ് ദൈവദശകം – വിലയിരുത്തുക.

2. അർദ്ധനാരീശ്വര സങ്കല്പമെന്ന ഭാരതീയദർശനത്തെ സന്ധ്യാദർശനമെന്ന പ്രകൃതി പ്രതിഭാസത്തിലൂടെ ജി. ശങ്കരക്കുറുപ്പ് ശിവതാണ്ഡവത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

3. പെണ്ണനുഭവത്തെ തീവ്രമായി ആവിഷ്ക്കരിക്കുന്ന കവിതയാണ് വരവ് – അപഗ്രഥിക്കുക.

4. വൈവിധ്യങ്ങളെ കൂട്ടിയിണക്കുന്ന ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തെ തകർക്കാനുള്ള ശ്രമത്തെ ബിരിയാണി എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

**150** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5. പശ്ചാത്താപമേ പ്രായശ്ചിത്തം എന്ന കാഴ്ചപ്പാടിനെ മഗ്ദലനമറിയം എന്ന കാവ്യം അവതരിപ്പിക്കുന്നതെങ്ങനെ ?

6. ''എണ്ണീടുകാർക്കുമിതുതാൻ ഗതി
സാദ്ധ്യമെന്തു കണ്ണീരിനാൽ''– ജീവിതത്തിന്റെ അസ്ഥിരത എന്ന ഭാവം ഈ വരികളിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ട് ?

7. അത്യന്തം സംഗീതാത്മകമായ ഒരു കാവ്യശൈലിയാണ് ചങ്ങമ്പുഴയുടേത്. ആ പൂമാല എന്ന കവിതയെ മുൻനിർത്തി വിശദീകരിക്കുക.

P.T.O.

8. മത്തങ്ങ എന്ന കവിത മുന്നോട്ടു വെയ്ക്കുന്ന അർത്ഥതലമെന്ത് ?

9. 'പാവം മാനവഹൃദയം' എന്ന് സുഗതകുമാരി ഉപയോഗിക്കുന്ന വിശേഷണ ത്തിന്റെ അടിസ്ഥാനമെന്ത് ?

10. ഉറക്കം നഷ്ടപ്പെട്ട ഒരു കുട്ടിയുടെ വേവലാതി പി. രാമന്റെ കവിതയിലുണ്ട്. ഈ അഭിപ്രായത്തെ എങ്ങനെ വിലയിരുത്തുന്നു ?

**100** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11. ''തുരുമ്പിലും ഞാൻ വായിച്ചേൻ
ധ്വനികാവ്യം സുധാമയം;
മൗനത്തിലും ചെവിക്കൊണ്ടേൻ
മധുരം വല്ലകിക്വണം'' – വിശദീകരിക്കുക.

12. നഷ്ടസൗഭാഗ്യങ്ങളെ 'മാഞ്ഞു മറഞ്ഞ പൂക്കാലം' എന്ന കവിതയിൽ പി. ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

13. ''ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ:
വീടാക്കടമേ മമജന്മം'' – കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?

14. ''അടച്ചു ഞാൻ വാതിൽ, വരികയായമ്മി ചവിട്ടി ഞാൻ'' – സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ 'അക്ക മൊഴിയുന്നു' എന്ന കവിത ആവിഷ്ക്കരിച്ചിരിക്കു ന്നതെങ്ങനെ ?

15. തടാകതീരത്ത് എന്ന കവിത അവതരിപ്പിക്കുന്ന ആശയമെന്ത് ?

16. ''കുഞ്ഞുങ്ങളേ
നിങ്ങളെന്തിനിത്ര
മിഴിച്ചു നോക്കുന്നു
ഞങ്ങളെ ?'' – സന്ദർഭമേത് ?

**നാലു** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17. ''നാവികൻ നീ, ഭവാബ്ധിക്കൊ –
രാവിവൻ തോണി നിൻപദം'' – ദൈവത്തെ ശ്രീനാരായണ ഗുരു ഈ വരി കളിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

18. താരകൾ താഴേക്ക് നിശ്ചലരായി സൂക്ഷിച്ചു നോക്കുന്നതിന് കവി പറയുന്ന കാരണമെന്താണ് ?

19. മാറിയ കാലത്തെ 'യുഗപരിവർത്തന'ത്തിൽ കവി എങ്ങനെ അവതരിപ്പിക്കുന്നു ?

20. ''അസ്സുമാംഗിതന്നക്ഷികളി, ലി-തശ്രു ബിന്ദുക്കൾ ചേർത്തു പോയി''. സന്ദർഭം വിവരിക്കുക.

21. ആധുനിക മനുഷ്യന്റെ എന്ത് മനോഭാവത്തെയാണ് 'പോത്ത്' എന്ന കവിതയിൽ ആവിഷ്കരിക്കുന്നത് ?

22. കുറിപ്പെഴുതുക. – കുമാരനാശാൻ.

---